**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 129** | **26.02.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്** |
|---|---|

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം<br>,, സണ്ണി ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ വർദ്ധിക്കുവാനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സ്ത്രീകൾക്കെതിരെയും, കുട്ടികൾക്കെതിരെയുമുള്ള അതിക്രമങ്ങൾ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ കണക്കുകൾ പ്രകാരം നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും സ്ഥിരമായ വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും ഇടപെടലിലൂടെയും ബോധവത്കരണത്തിലൂടെയും ആരോഗ്യപരമായ സമ്പർക്കത്തിലൂടെയും കുട്ടികൾക്ക് നേരെ ഉണ്ടാകുന്ന എല്ലാ കുറ്റകൃത്യങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുകയും റിപ്പോർട്ടാകുന്ന സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനാലുമാണിത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബലാൽസംഗ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; | (ബി) | 3172 കേസുകൾ. |
| (സി) | അതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ബലാൽസംഗം ചെയ്ത എത്ര കേസുകൾ ഉണ്ട്; | (സി) | 1832 കേസുകൾ. |
| (ഡി) | 2016 മേയ് 25 മുതൽ ഇതുവരെ എത്ര സ്ത്രീകൾ സംസ്ഥാനത്ത് കൊല ചെയ്യപ്പെട്ടു എന്ന് വ്യക്തമാക്കാമോ? | (ഡി) | 2016 മേയ് 25 മുതൽ ഇതുവരെ 166 കൊലപാതക കേസുകളിലായി 180 സ്ത്രീകൾ (പെൺകുട്ടികൾ ഉൾപ്പെടെ) സംസ്ഥാനത്ത് കൊലചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ